ഇഹ്സാൻ

# ഈ മന്ത് മറ്റേ കാലിലേക്ക് മാറേണമേ!

**തന്റെ** വഴിക്ക് കാര്യങ്ങൾ നീങ്ങുന്നില്ലെന്നു കണ്ടാൽ നമ്മുടെ പ്രധാനമന്ത്രിക്ക് വെച്ചൊരു പിടിത്തമുണ്ട്, ജൻപഥ് റോഡിലെ പത്താം നമ്പർ വസതിയിലേക്ക്. സോണിയാ ഗാന്ധിയെ കണ്ട് ഉടനെ മുഴക്കും രാജി ഭീഷണി. പ്രധാനമന്ത്രിക്കസേരയിൽ ആളൊഴിഞ്ഞാൽ പിന്നെ കോൺഗ്രസിൽ ഗ്രഹണകാലമാണല്ലോ. സകല ഞാഞ്ഞൂലുകളും വിഷം വെച്ച് പുറത്തിറങ്ങുമെന്നത് കട്ടായം. ആണവകരാർ അമേരിക്കക്ക് ഒപ്പിട്ടു കൊടുക്കണമെന്നു പറയാനാണ് സിംഗ് ഏറ്റവുമാദ്യം ഈ രാജിനാടകം കളിച്ചത്. വിഷയത്തിന്റെ 'മർമം' സോണിയക്കു തിരിഞ്ഞതോടെ അതാ വരുന്നു കരാറിന് പിന്തുണയുമായി നമ്മുടെ യുവഗാന്ധി! സാമ്രാജ്യത്വ വിരോധം ഞരമ്പിലും തലയിൽ ഗാന്ധിത്തൊപ്പിയുമുണ്ടെങ്കിലും കോൺഗ്രസുകാർ മുഴുവനും സിംഗിന് പഞ്ചപുഛമടക്കി നിന്നു കൊടുത്തു. കോൺഗ്രസിന്റെ ആസ്ഥാനത്തേക്ക് ഇദ്ദേഹത്തെ മുകളിലെവിടെയോ നിന്ന് അടിച്ചേൽപ്പിക്കുകയാണെന്ന് മനസ്സിലാക്കാൻ ബുദ്ധിയുള്ളവന് ധാരാളം പഴുതുകളുണ്ട്. ഇദ്ദേഹം സോണിയയുടെ വീട്ടിൽ പോയി നടത്തുന്ന പ്രതിഷേധം എന്തായിരിക്കാമെന്നും ഊഹിക്കാവുന്നതേ ഉള്ളൂ. പക്ഷേ ഒന്നോർത്താൽ ഇനി രാഹുൽ ഗാന്ധിയെ തന്നെ കാര്യങ്ങൾ ഏൽപ്പിക്കുന്നതല്ലേ സോണിയക്ക് നന്ന്? ഇടത്തെ കാലിൽ ഈ മന്ത് നാം കുറെ കൊണ്ടുനടന്നില്ലേ?

ഇന്ത്യ നേരിടുന്ന വല്ലാത്തൊരു ദുരന്തമാകുകയാണ് യു.പി.എ ഭരണകൂടം. ഈജിപ്തിലെ ശറമുശ്ശൈഖിൽ നടന്ന ഉച്ചകോടിയിൽ മൻമോഹൻ പാകിസ്ഥാന് അംഗീകരിച്ചു കൊടുത്ത തിട്ടൂരം കൊണ്ട് ഇന്ത്യക്ക് ഒരു ചുണ്ടങ്ങ പോലും കിട്ടാനുണ്ടായിരുന്നില്ല. ഭീകരത മാറ്റിവെച്ച് ഇന്ത്യയും പാകിസ്താനും പരസ്പര ബന്ധങ്ങൾ മെച്ചപ്പെടുത്തേണ്ട എന്ത് അടിയന്തര സാഹചര്യമാണ് രാജ്യത്തുള്ളത്? അമേരിക്കയുടെ താൽപര്യങ്ങളാണ് ഈ പ്രഖ്യാപനത്തിൽ മുഴച്ചു നിൽക്കുന്നതെന്ന് സ്പഷ്ടം. പാകിസ്താനിലേക്കുള്ള അമേരിക്കൻ കടന്നുകയറ്റത്തിന് തീയതി കുറിക്കപ്പെട്ട സാഹചര്യത്തിൽ അഫ്ഗാനിസ്താൻ അതിർത്തിയിലെ താലിബാൻ സംഘങ്ങളെ ഇന്ത്യയും പാകിസ്താനും പൊതുശത്രുവായി പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയാവണം ഈ പ്രഖ്യാപനം. പൊതുശത്രുവായാൽ പിന്നെ ഇന്ത്യക്കും അങ്ങോട്ടേക്ക് സൈന്യത്തെ അയച്ചു കൊടുക്കാൻ ബുദ്ധിമുട്ടുണ്ടാവില്ലല്ലോ. അല്ലെങ്കിലും ഇതെങ്ങനെയാണ് ഭീകരത എന്ന ഏർപ്പാട് സന്ധിവാതം പോലെ സമയവും കാലവും നോക്കി കൂടുകയും കുറയുകയും ചെയ്യുന്നത്? പാകിസ്താനിൽ ഭീകരതയോ ഭീകര സംഘടനകളോ ഉണ്ടെങ്കിൽ സിംഗും ഗീലാനിയും അങ്ങോട്ടുമിങ്ങോട്ടും പുറം ചൊറിഞ്ഞുകൊടുത്താലും കടലാസുകളിൽ ഒപ്പിട്ടുകൊടുത്താലും ഇന്നലെവരെ ഉണ്ടായിരുന്നത് ഇല്ലാതാവുന്നതെങ്ങനെ? മുംബൈ ആക്രമണത്തിലെ പ്രതികളുടെ കാര്യത്തിൽ പാകിസ്താൻ വിശ്വാസയോഗ്യമായ നടപടികളെടുക്കാൻ തയാറായാൽ മാത്രമേ ഇന്ത്യക്ക് പാതിവഴിയെങ്കിലും താണ്ടാനാവൂ എന്ന് അൽപദിവസം മുമ്പെ പറഞ്ഞ പ്രധാനമന്ത്രിയാണ് പാകിസ്താൻ ഒരു നടപടിയും എടുക്കാതെ തന്നെ മുഴുവൻ ദൂരവും താണ്ടിക്കടക്കാൻ തീരുമാനിച്ചത്.

ഭീകരതയെ മാറ്റിനിർത്തി പാകിസ്താനുമായി ചർച്ചക്കു പോകുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ മൂന്നു ദിവസത്തോളം ലോക്സഭയിൽ ഒരു കോൺഗ്രസുകാരനും ന്യായീകരിക്കുന്നതു കണ്ടില്ല. പാർട്ടിയുടെ വാർത്താ സമ്മേളനത്തിൽ ജയന്തി നടരാജൻ സ്വീകരിച്ച നിലപാടാകട്ടെ അതിനേക്കാൾ അസാധാരണമായിരുന്നു. ശറമുശ്ശൈഖിൽ ഒപ്പിട്ട ഏഴിന അജണ്ട അതേപടി വായിക്കുക എന്നതിലപ്പുറം ഒരു വരി പോലും പാർട്ടിയുടെ ഭാഗത്തു നിന്ന് കൂട്ടിച്ചേർക്കാനോ വിശദീകരിക്കാനോ അവർ തയാറായില്ല. 'കൂടുതലായി തനിക്കൊന്നും പറയാനില്ല' എന്ന വാചകം അവർ പലതവണ ആവർത്തിക്കുകയും ചെയ്തു. പാർട്ടിയുടെ ഇഷ്ടക്കേട് ഗവൺമെന്റ് ഉൾക്കൊണ്ടേക്കുമെന്ന മട്ടിലായി പിന്നീട് ഈ വിഷയത്തിലെ മീഡിയാ മാനേജ്മെന്റ് അഭ്യാസങ്ങൾ. ഉച്ചകോടിക്കു ശേഷം ധൃതിയിൽ തയാറാക്കിയ പ്രസ്താവനയായിരുന്നുവത്രെ അത്. ഒടുവിൽ പ്രധാനമന്ത്രി പാർലമെൻറിൽ നടത്തിയ വിശദീകരണമാകട്ടെ ഇന്ത്യക്കാരെ തൽക്കാലം അടക്കാൻ വേണ്ടിയാണെന്നതും വ്യക്തം. അമേരിക്കയുടെയും ഇസ്രായേലിന്റെയും കൺമുമ്പിൽ ഒരു 'കോൺഗ്രസുകാരന്' ഓർമയാവാതിരുന്ന പാർട്ടി താൽപര്യം ഇങ്ങ് ദൽഹിയിലെ പാർലമെന്റിൽ അട്ടഹസിച്ചു തിരുത്തിയിട്ടെന്തു കാര്യം? എങ്കിലും മൻമോഹൻ സിംഗിനെ 'രാജിവെപ്പിക്കാതെ' കാര്യം ഒപ്പിച്ചെടുത്ത കോൺഗ്രസുകാരെ സമ്മതിക്കണം. സിംഗ് പ്രസംഗിച്ചു കൊണ്ടിരിക്കെ നടത്തിയ ആ ഡസ്കിലടിയിൽ അവരുടെ ദൈന്യത ആർക്കും വായിച്ചെടുക്കാമായിരുന്നു.

ശറമുശ്ശൈഖിന് ഒരാഴ്ച മാത്രം മുമ്പെയായിരുന്നു അമേരിക്കക്ക് നമ്മുടെ ആയുധപ്പുരകൾ പരിശോധനക്ക് തുറന്നുകൊടുക്കാൻ തയാറാണെന്ന കരാറിൽ രാജ്യം ഒപ്പുവെച്ചത്. തൊട്ടുപിന്നാലെ വന്നു ആസിയാൻ കരാർ. ആന്റണിക്ക് എന്റ് കരാറിനെ ചൊല്ലി പ്രതിഷേധം, വയലാർ രവി കരാറിനെ എതിർത്തു എന്നും മറ്റുമുള്ള മട്ടിൽ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ അക്ഷരാർഥത്തിൽ കൂലിയെഴുത്താണ്. നേതാക്കളുടെ ഇമേജ് രക്ഷിക്കാനായി സെക്രട്ടറിമാർ ചോർത്തികൊടുക്കുന്ന ഗോസിപ്പുകൾ. ഇങ്ങനെ പ്രതിഷേധിക്കാനും നാണം കുണുങ്ങാനും നമുക്കെന്തിന് കുറെ മന്ത്രിമാർ? കൽപ്പനാഥ് റായി മന്ത്രിയായിരിക്കെ ഒപ്പിട്ട കരാറിനെ കുറിച്ച സി.എ.ജി അന്വേഷണത്തിൽ തൻെറ പേര് പരാമർശിക്കപ്പെട്ടതിന്റെ പേരിൽ പദവി രാജിവെച്ച ആന്റണിയാണ് പ്രതിരോധവകുപ്പിന്റെ മുതുകത്ത് കിട്ടിയ ചവിട്ടിനുള്ള മറുപടി ഒരു മോങ്ങലിലൊതുക്കി മിണ്ടാതിരിക്കുന്നത്. സോവിയറ്റ് യൂണിയനിൽ നിന്നും ആണവായുധക്കപ്പൽ വാങ്ങിയതിൽ അഴിമതിയുണ്ടെന്ന കണ്ടെത്തലിനെയും 'ഹിലാരിക്കെതിരെയുള്ള ആന്റണിയുടെ പ്രതിഷേധ'ക്കഥകൾ മെനഞ്ഞ മാധ്യമങ്ങൾ മുക്കിക്കളഞ്ഞു. ഗാട്ട് കരാർ ഒപ്പിട്ട കാലത്ത് അത് നമ്മുടെ കർഷകരെ ബാധിക്കില്ലെന്ന് രാജ്യത്തെ വിശ്വസിപ്പിച്ച ധനമന്ത്രി ആരാണെന്ന് ഉമ്മൻചാണ്ടി മറന്നിട്ടുണ്ടാവുമെങ്കിലും പൊതുജനം മറന്നിട്ടില്ല. അതേ സിംഗിനെ വേണം ആസിയാന്റെ കാര്യത്തിലും നമുക്ക് വിശ്വസിക്കാൻ.

ഈ പ്രധാനമന്ത്രി ചെയ്യുന്ന ഓരോ കാര്യങ്ങളും എന്തുകൊണ്ട് ഇന്ത്യക്കാരന്റെ ആത്മാഭിമാനത്തെയും സുരക്ഷയെയും സ്വയംപര്യാപ്തതയെയും ചോദ്യം ചെയ്യുന്നവയല്ലെന്ന് വിശദീകരിക്കേണ്ടി വരുന്നു? ■